# നീതിമാന്റെ അന്ത്യമൊഴികൾ

ക്രിസ്തുവിന്റെ ക്രൂശിലെ ദാരുണമായ അന്ത്യം കണ്ടു ശതാധിപൻ ക്രൂശിന്റെ ചുവട്ടിൽ നിന്ന് വിളിച്ചു പറഞ്ഞു "ഇവൻ നീതിമാൻ" എന്ന്. ദാരുണമായ അന്ത്യം കണ്ട സ്ത്രീകൾ മാറത്തടിച്ച് കരഞ്ഞു. ലൂക്കോ : (23:47,48). തന്റെ കഠിന വേദന യിലും ക്രൂശിന്റെ ചുറ്റുമുള്ള കാഴ്ചകൾ അദ്ദേഹം ദർശിച്ചു. തന്നെ ക്രൂശിലെത്തിച്ച വരുടെ മുഖങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ കൂടി കടന്നു പോകുകയും ചെയ്തു.

## ക്ഷമയുടെ വചനം (Message of forgiveness)

ആദ്യത്തെ 3 മൊഴികൾ ക്രൂശിന്റെ ചുവട്ടിൽ കണ്ടവർക്ക് വേണ്ടിയുള്ള വാക്കു കളായിരുന്നു. ഒന്നാമതായി അദ്ദേഹം ഉച്ചരിച്ചത്,

"പിതാവേ ............. ഇവരോട് ക്ഷമിക്കേണമേ" (ലുക്കോ :23:34) പിതാവ് ഏത് കയ്പിന്റെ അനുഭവത്തിലും കൈവിടുകയില്ല എന്ന വിശ്വാസം ഉള്ളതിനാലാണ് പിതാവിന്റെ മുമ്പാകെ തന്റെ യാചന സമർപ്പിച്ചത്. "ഇവരോട് ക്ഷണിക്കേണമേ" - ആരാണ് ഇവർ ?

a) തന്നെ നിർദ്ദയം വഞ്ചിച്ചവൻ (മത്താ 26:-14-16) ഞാൻ അവനെ കാട്ടിത്തരും, നിങ്ങൾ എന്തു തരും എന്ന് ചോദിച്ച യൂദയെപ്പോലെ യേശുവിനെ ലൗകീക ഉയർച്ച ക്കുവേണ്ടി പല ഇടപാടിലും വഞ്ചിക്കുന്നവർ ഇന്നും ഉണ്ട്. അവരോടും ക്ഷമിക്കേ ണമേ എന്നുള്ള യാചന ശ്രദ്ധിക്കുക. ദശാംശത്തിലും, വഴിപാടിലും യഹോവയെ വഞ്ചിക്കുന്നവർ ഇന്നുമുണ്ട്. ഇവർ യൂദയുടെ പ്രതീകങ്ങളാണ്.

b) മരണയോഗ്യനെന്ന് ആർത്തുവിളിച്ച്, മുഖത്ത് തുപ്പി, മുഷ്ടി ചുരുട്ടി ഇടിച്ച വർക്കു വേണ്ടിയും ക്ഷമിക്കേണമേ എന്ന് അവൻ യാചിച്ചു. മത്താ(26:66-68)

c) കള്ള സാക്ഷികൾ - യേശുവിന്റെ നേരെ കള്ള സാക്ഷ്യം അവർ അന്വേഷിച്ചു സാക്ഷികളായി പലരും വന്നിട്ടും നടന്നില്ല. അതിനായി പുതിയ കള്ളം കണ്ടുപിടിച്ച വരോടും ക്ഷമിക്കേണമേ എന്ന് പ്രാർത്ഥിച്ചു. മത്താ:(26:61)

d) ക്രൂശിക്കുവാൻ ഏല്പിച്ചവരോടും ക്ഷമിക്കേണമേ എന്ന് പ്രാർത്ഥിപ്പാൻ കഴിയു ന്നത് ഇവനു മാത്രമാണ് Read മത്തായി 26:47, 57 27:26 മരണശിക്ഷനൽകണ മെന്നാർത്തവരും ഈ കൂട്ടത്തിലുൾപ്പെടുന്നു.

e) മുള്ളുകൊണ്ട് കിരീടം മെടഞ്ഞ് തലയിൽ വച്ചവർ - മത്താ: (27:29,31)

f) കൂടാതെ നീണ്ട കൂർത്ത ആണി കൈകളിലും കാലുകളിലും അടിച്ച ക്രൂരന്മാർ. ഇവരോടും ക്ഷമിക്കേണമേ എന്ന് യാചന നടത്തി

g)ചാട്ടവാറാൽ സുന്ദരമായ ആ മേനി അടിച്ചു തകർത്ത പട്ടാളക്കാർ. അവർക്കുവേണ്ടിയും പാപം നിലനിർത്തരുതേ എന്ന് ഗുരു പ്രാർത്ഥിച്ചു.
യഹൂദന്മാരുടെ രാജാവ് എന്ന് പല ഭാഷയിൽ മേലെഴുത്ത് എഴുതി വച്ചു. ഇവരോടും ക്ഷമിക്കേണമേ എന്നാണ് യേശു പ്രാർത്ഥിച്ചത്. പരിഹാസികൾ അവനെ പരിഹസിച്ചുകൊണ്ട് ആവഴി കടന്നുപോയിരുന്നു.

ഇപ്രകാരം തന്നെ വേദനിപ്പിച്ചവരോടെല്ലാം ക്ഷമിക്കേണമേ എന്ന് പ്രാർത്ഥിച്ച ക്രിസ്തുവിനെപ്പോലെ ഈ പ്രാർത്ഥന നമുക്കും എന്നും ഉച്ചരിപ്പാൻ കഴിഞ്ഞാൽ ലോകജനതയ്ക്ക് സമാധാനവും, ശാന്തതയും ലഭിക്കും. ഈ പ്രാർത്ഥന ദിനവും ഉരുവിട്ട് നമ്മിലെ ക്ഷമയുടെ ഉറവ നിറഞ്ഞു കവിയുവാൻ ദൈവം സഹായിക്കട്ടെ.

## രണ്ടാം മൊഴി - (രക്ഷയുടെ വചനം)

**ഇന്ന് നീ എന്നോടു കൂടെ പറുദീസയിലിരിക്കും(ലൂക്കോ: 23:43)**

നാണയവ്യവസ്ഥിതി പ്രാബല്യത്തിലാകും മുമ്പ് ക്രയവിക്രയങ്ങൾ നടന്നത് ഉല്പന്നങ്ങൾ കൈമാറി ആയിരുന്നു. അതായത് ഒരാൾക്കാവശ്യമുള്ള സാധനങ്ങൾ മറ്റൊരാളിൽ നിന്നും തന്റെ കൈവശമുള്ള സാധനങ്ങൾ കൊടുത്ത് വാങ്ങുന്ന ഇടപാടാണ് ഇത്. ഈ സമ്പ്രദായത്തെ ബാർട്ടർ സമ്പ്രദായം എന്ന് പറയുന്നു.

യേശു ക്രിസ്തുവിന്റെ ക്രൂശു മരണത്തിലൂടെ നടന്നതും ഒരു കൈമാറ്റമാണ്.മനുഷ്യവർഗ്ഗത്തിന്റെ പാപം, ശാപം, രോഗം എല്ലാം അദ്ദേഹം ഏറ്റു വാങ്ങിയത് തന്റെ രക്തം പകരം നൽകിയാണ്. ദൈവം നമ്മെ സ്നേഹിച്ചതാണ് ഈ കൈ മാറ്റത്തിന് ദൈവത്തെ പ്രേരിപ്പിച്ചത്. ഈ കൈ മാറ്റമാണ് സമശിക്ഷാ വിധിയിലായ ഒരുവന് ലഭിച്ചത്. പാപബോധത്തോടെ തന്നെ ഓർക്കേണമേ എന്നപേക്ഷിച്ചവന് എന്നേക്കുമുള്ള രക്ഷയാണ് ദാനമായി ലഭിച്ചത്

### അനുതപിച്ചവൻ നൽകിയ ഏഴ് മാതൃകാ പാഠങ്ങൾ

**1) നിരപരാധിയെ പരിഹസിച്ചവനെ വിലക്കുന്നു (ലൂക്കോ:23:39:,40)**

ഒരേ സംസ്ക്കാരമുള്ളവർ, ഒരേ സാഹചര്യത്തിൽ നിന്നും വന്ന ദുഷ് പ്രവൃത്തിക്കാർ, മനസ്സ് കഠിനപ്പെട്ടവൻ പരിഹാസിയായി. മറ്റവന് രക്ഷനേടണമെന്ന മോഹവും ഉണ്ടായി. കഠിന ഹൃദയൻ ഗുരുവിനെ ദുഷിച്ചപ്പോൾ പാപബോധം വന്നവൻ അവനെ  വിലക്കുന്നതിന്റെ കാരണവും ഇതാണ്.

2) **പാപി എന്ന് സമ്മതിക്കുന്നു(ലൂക്കോ:23:41(a)**

തെറ്റു ചെയ്തവർക്കു ലഭിക്കേണ്ട ന്യായമായ ശിക്ഷയാണ് അവർക്ക്  ലഭിക്കുന്നത്. തെറ്റു സമ്മതിക്കുവാനുള്ള മനസ്സ് നല്ലതു തന്നെ. ആരും അവനെ നിർബന്ധി

ച്ചിട്ടല്ല അപ്രകാരം ചെയ്തത്.അവൻ കണ്ട കാഴ്ച്ചകൾ,കേട്ട ശബ്ദങ്ങൾ അതിനായി അവനെ പ്രേരിപ്പിച്ചതാണ്.

**3) നിർദ്ദോക്ഷി എന്ന് പ്രഖ്യാപിക്കുന്നു(ലൂക്കോ:23:41(b)**

ക്രൂശിച്ചവന് അനുകൂലമായി സംസാരിപ്പാൻ നിൽക്കുന്നവരുടെ ഇട യിൽ ക്രിസ്തു അരുതാത്തതൊന്നും ചെയ്തിട്ടില്ല എന്ന് പറയുക അപാര ധൈര്യ മാണ്. തന്റെ വേദനയിലും ഒരു നിഷ്ക്കളങ്കനെ,നിരപരാധിയെ ക്രൂശിച്ചതിന്റെ വെറുപ്പും അമർഷവും പ്രകടമാക്കുന്നു.

**4) രാജാവാണ് ക്രിസ്തു എന്ന് സമ്മതിക്കുന്നു(ലൂക്കോ:23:42(a)**

നാലു ദിവസം മുൻപ് “ കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്ത പ്പെട്ടവൻ” എന്ന് ഉച്ചൈസ്തരം ഘോക്ഷിച്ച് കഴുതപ്പുറത്ത് കയറ്റി ആഘോഷമായി കൊണ്ടുവന്നവർ ഇപ്പോൾ നിശബ്ദരാണ്.എന്നാൽ സമശിക്ഷാ വിധി കിട്ടിയവൻ ഉറക്കെ പറഞ്ഞു”യേശു രാജാവ് ” എന്ന്

**5)ഈ രാജാവ് പാപ ക്ഷമ നൽകുന്നവൻ എന്ന് പ്രഖ്യാപിച്ചു(ലൂക്കോ:23:42(b)**

തകർന്നും നുറുങ്ങിയതുമായ ഹൃദയത്തെ മറക്കാത്തവനും,പാപം ക്ഷമിക്കു വാൻ പിതാവിനോട് മറ്റുള്ളവർക്ക് വേണ്ടി യാചിക്കുന്നവനുമാണ് ഈ രാജാവ് എന്ന് യേശുവിന്റെ ആദ്യ മൊഴിയിൽ നിന്ന് അവൻ മനസ്സിലാക്കി.

**6) വിശ്യാസിയുടെ ധൈര്യത്തോടെ പ്രാർതഥിച്ചു (ലൂക്കോ:23:42)**

രാജാധിരാജാവ് പാപം ക്ഷമിയ്ക്കുമെന്ന പരിപുർണ വിശ്വാസത്തോടെ അവൻ യാചിച്ചു “Lord remember me”

**7) തൽക്ഷണം മറുപടി പ്രാപിച്ചവൻ (ലൂക്കോ:23:43)**

ഈ മറുപടി വിദൂര ഭാവിയേലുക്കുള്ളതല്ല, ഇന്നു തന്നെ സംഭവിക്കുമെന്നുള്ള ഉറപ്പ് അവനു ലഭിച്ചു. പരിപൂർണ്ണ വിശ്വാസത്തോടെ നാം ചോദിച്ചാലും നമുക്കും മറുപടി ലഭിക്കുന്നു.

കർത്താവിനെ അഭിമുഖീകരിക്കുന്നവർക്ക് രണ്ട് option ആണുള്ളത്.

(1) തള്ളിക്കളയുക

(2) സ്വീകരിക്കുക. നാം ഏത് സ്വീകരിയ്ക്കും നല്ല തിരഞ്ഞെടുപ്പിനായി ദൈവം നിങ്ങളെ ശക്തരാക്കട്ടെ.

# The caring son

## കരുതുന്ന മകൻ

**മൂന്നാം മൊഴി യോഹ(19:26)**

"സ്ത്രീയേ" ഇതാ നിന്റെ മകൻ എന്ന് അമ്മയോടും ഇതാ നിന്റെ അമ്മ എന്ന് ശിക്ഷ്യനോടും പറഞ്ഞു.

New generation എന്ന പേരിൽ ചിലർ അമ്മമാരെ മറക്കുമ്പോഴും അമ്മ മാരെ കരുതുന്ന കുഞ്ഞുങ്ങൾക്ക് നന്ദി. എല്ലാം സഹിക്കുന്ന,എല്ലാം ക്ഷമിക്കുന്ന ജീവിതവ്യഥകൾ തകർക്കുമ്പോഴും പ്രാർത്ഥനയോടെ മക്കളെ പിൻതുടരുന്ന സ്നേഹമാണ് അമ്മയുടേത്.

"of all the gift that life has to offer,
a loving mother is the greatest of them all"

ക്രിസ്ത്യാനികൾ കടൽതീരത്തുള്ള ദീപസ്തംഭം പോലെയാണ്. ദീപസ്തംഭ ത്തിന്റെ ചുവട്ടിലിരുട്ടും പ്രകാശം വളരെ ദൂരേയ്ക്ക് എത്തുകയും ചെയ്യുന്നു. ദൈവമക്കൾ എന്നഭിമാനിക്കുന്നവർ തൊട്ടടുത്തുള്ളത് കാണുന്നില്ല. എന്നാൽ കാൽവറി ക്രൂശിന്റെ ചുവട് നമ്മുക്ക് വ്യത്യസ്ത അനുഭവം തരുന്നു. അതിവ്യഥ യിലും ചുവട്ടിൽ നില്ക്കുന്നവരെ യേശു കണ്ടു. അതിൽ പ്രധാനി തന്റെ അമ്മ തന്നെ ആയിരുന്നു. സ്ത്രീകളിൽ ഭാഗ്യവതി എന്ന് വിളിക്കുമ്പോഴും ഒരു സ്ത്രീയും ഇന്നുവരെ അനുഭവിക്കാത്ത വ്യഥകൾ അറിയുകയും, കാണുകയും ചെയ്തവളാണ് മറിയ. മരക്കുരിശുയുമായുള്ള ഗോൽ ഗാഥായിലേക്കുള്ള വ്യസനവഴികളിൽ മറി യയും ഉണ്ടായിരുന്നു. തന്റെ മകനോട് ദുഷ്ടന്മാർ കാട്ടിയ ക്രൂരത കണ്ടു നില്ക്കുന്ന അമ്മയുടെ ഹൃദയം നുറുങ്ങിയത് ആരും കണ്ടില്ല. എന്നാൽ യേശു കണ്ടു. അമ്മയെ തന്റെ അഭാവത്തിൽ ഏല്പിക്കുവാൻ ഒരാളെ യേശു തിരഞ്ഞു.

ആദ്യം ഭയന്നോടി എങ്കിലും ഗുരുവിനോടുള്ള സ്നേഹം മടക്കിക്കൊണ്ടുവന്ന തന്റെ പ്രീയശിക്ഷ്യനിൽ യേശുവിന്റെ കണ്ണുടക്കി. മറിയയെ തന്റെ അമ്മയായും, യോഹന്നാനെ തനിക്കു പകരം മകനായും കാണുവാൻ രണ്ടുപേരെയും ആഹ്വാനം ചെയ്തു അന്നുമുതൽ യോഹന്നാൻ അവരെ വീട്ടിൽ കൈക്കൊണ്ടു എന്ന് കാണാം.

കാഴ്ചക്കാരായി ക്രൂശിന്റെ ചുവട്ടിൽ നില്ക്കുന്നവരിൽ മറിയയുടെ മറ്റുമക്കൾ കണ്ടേക്കാം. ലോകസ്നേഹികളായ അവരെ ഏല്പിക്കുവാൻ യേശു മടിച്ചു. <u>അതി വ്യഥയിൽ</u> നില്ക്കുന്നവരെയും ആശ്വസിപ്പിക്കുന്ന നോട്ടം കൊണ്ട് സമാധാനിപ്പിക്കു

വാൻ ഈ ഗുരുവിനെ കഴിയുകയുള്ളൂ. മറ്റൊരു കൂട്ടർ വെറും കാഴ്ചക്കാരാണ്. അവരിൽ പലരും ഈ മനുഷ്യൻ നീതിമാൻ എന്ന് കണ്ടെത്തി. തക്കസമയത്ത് ലഭിക്കുന്ന ആശ്വാസം വർണ്ണനാതീതമാണ് . ആ സ്നേഹമാണ് മറിയ അറിഞ്ഞത് സ്ത്രീയേ! എന്ന വിളിച്ചത്, സകലബഹുമാനവും സ്നേഹവും നൽകിയാണ്. ചില വിമർശകരുടെ അഭിപ്രായം യോഹന്നാൻ മാത്രം ഇത് രേഖപ്പെടുത്തിയതും, യേശു സ്ത്രീയേ എന്ന് വിളിച്ചതും മറിയയേ ആരും ആരാധനാമൂർത്തിയാക്കരുത് എന്ന ഉദ്ദേശത്തോടെ ആയിരുന്നു. ഇന്നത്തെ തലമുറയ്ക്ക് അമ്മമാരെ സ്നേഹിപ്പാൻ യേശു ഒരു നല്ല മാതൃകയാവട്ടെ.

## Forsaken Son തിരസ്കരിക്കപ്പെട്ട പുത്രൻ

**നാലാംമൊഴി - മത്താ :(27:46)**

**" എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്"**

ക്രൂശിക്കപ്പെട്ട സമയം മുതൽ മരണസമയം വരെയുള്ള 6 മണിക്കൂർ യേശു കഠിനവ്യഥ അനുഭവിച്ചു. രക്തം വിയർപ്പായി ഗത്ശമനയിൽ വീണതും, തുടർന്നുള്ള ശാരീരിക പീഢനത്തിന്റെ കഠിനതയുമാണ് 6 മണിക്കൂർകൊണ്ട് കൊണ്ട് വേദന അവസാനിക്കുവാൻ കാരണമായത്, വേദനയിൽ പ്രകൃതിപോലും വെളിച്ചത്തെ പിൻവലിച്ച് ഇരുട്ടിലായി. ദു:ഖത്തെ പ്രകടിപ്പിച്ചു.

തിരസ്കരണത്തിന്റെ അനുഭവം യേശുവിനെ സംബന്ധിച്ചിടത്തോളം ഇത് ആദ്യത്തേതായിരുന്നില്ല. അമ്മ ഒഴികെ കുടുംബക്കാർ നേരത്തേ തന്നെ ഉപേക്ഷിച്ചു. സ്വന്തം ഗ്രാമമായ നസറെത്തിലുള്ളവർ യേശുവിനെ പുറം തള്ളുകയാണ് ചെയ്തത് . യേശു വളർന്ന നസറത്തിലെ അനുഭവം ഇതായിരുന്നു . എങ്കിൽ യറുശലേമിലെ അനുഭവവും വ്യത്യസ്തമല്ലായിരുന്നു. ഇപ്പോൾ ശിക്ഷ്യന്മാരും യേശുവിനെ തിരസ്കരിക്കുവാൻ തുടങ്ങിക്കഴിഞ്ഞു. മറ്റെല്ലാവരും തിരസ്കരിച്ചപ്പോഴും പിതാവ് തന്നെ സ്വീകരിച്ചിരിക്കുന്നു എന്ന ചിന്ത ഒരു ഉണർവ്വിന്റെ ഘടകമായിരുന്നു. അതിനാലാണ് പിതാവിനോട് അറിയാതെ തെറ്റു ചെയ്തവരോട് ക്ഷമിക്കുവാൻ അപേക്ഷിച്ചത്.എന്നാൽ ഇപ്പോൾ പിതാവും തന്നെ കൈവിട്ടുവോ എന്ന ദയനീയ ചോദ്യം പുറത്തുവന്നു.

വാർദ്ധക്യകാലത്ത് ലഭിച്ച മകൻ യിസഹാക്കിനെ യാഗം അർപ്പിക്കുവാനുള്ള നിർദ്ദേശം നൽകിയ ദൈവം കത്തി ഓങ്ങിയ അബ്രഹാമിനോട് ബാലന്റെ മേൽ കൈവയ്ക്കരുത് എന്ന നിർദ്ദേശം നൽകി. ആ ദൈവം എന്തുകൊണ്ട് പുത്രന്റെ വേദനയിൽ കണ്ണടച്ചു. മനുഷ്യന്റെ പാപത്തിന്റെ ഫലം പുത്രൻ അനുഭവിക്കേണ്ടതാകയാലാണ് പിതാവ് മുഖം മറച്ചത്. നമ്മെ പിതാവ് സ്നേഹിക്കുന്നതിനാലാണ് പുത്രന്റെ വേദനയിൽ മുഖം മറച്ചത്. ദൈവകോപാഗ്നിയിൽ വെന്തുരുകുന്ന പുത്രന്റെ കഠിന നിലവിളിയിൽ മന്ദിരത്തിലെ തിരശ്ശീല രണ്ടായി കീറിപ്പോയി. നാം എത്ര ഭാഗ്യമുള്ളവർ ഇനി പാപപരിഹാര ബലിയുടെ ആവശ്യമില്ല. യേശു ഭൂമിക്കും ആകാശത്തിനും മദ്ധ്യേതൂങ്ങിക്കിടന്നപ്പോൾ മനുഷ്യന് ദൈവത്തിങ്കലേക്ക് കടന്നുചെല്ലുവാനുള്ള വഴി തുറന്ന് സ്വർഗത്തിൽ നിന്നയച്ച ഗോവേണിയായി അവൻ തീരുകയത്രെ ചെയ്തത്. തെറ്റിൽ വീഴാതിരിപ്പാൻ ഈ നിലവിളി നമ്മുടെ കാതുകളിൽ എപ്പോഴും മുഴങ്ങട്ടെ.

## Thirsty Son( ദാഹിയ്ക്കുന്ന പുത്രൻ)

**(5-ാം മൊഴി) "എനിക്ക് ദാഹിക്കുന്നു" -യോഹ :19:28)**

ദാഹം ഇല്ലാതാകുന്നത് ശരീരത്തെ ബാധിക്കുന്ന ഒരു രോഗമാണ്. അതു പോലെ ആത്മാവിനെ ബാധിക്കുന്ന രോഗമായി ഇത് മാറുന്നു ആത്മദാഹം നഷ്ട മാകുമ്പോൾ. ഈ രോഗം ആത്മാവിനെ ബാധിച്ചാൽ പിന്നെ മറ്റാരുടെയും ഭാരങ്ങ ളെപ്പറ്റി ചിന്തിയ്ക്കുന്നില്ല.സ്വസ്ഥതയും സമാധാനവുമില്ലാതെ പരക്കം പായുന്നവർ ജീവന്റെ ഉറവ കാണാതെ പൊട്ടകിണറുകൾ അന്വേഷിച്ചോടുന്നവർ ആണെന്ന് വചനം വ്യക്തമാകുന്നു.

സകലവും തികഞ്ഞു എന്ന് കണ്ടശേഷമാണ് അവന് ദാഹം തോന്നിയത്. ഇവിടെ 69-ാം സങ്കീർത്തനത്തിൽ കാണുന്ന പ്രവചനം പൂർത്തിയായി എന്ന് വിചാ രിക്കുന്നതിൽ തെറ്റില്ല. അതായത് പിതാവ് തന്നെ ഏല്പിച്ച ജോലി പൂർണ്ണമായി നിറവേറിയ ശേഷമാണ് അദ്ദേഹത്തിന് ദാഹം അനുഭവപ്പെട്ടത്. ക്രൂശിന്റെ ചുവട്ടിൽ നില്ക്കുന്നവർ പലരും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ തന്നെ ക്രൂശിപ്പാൻ കാരണക്കാരായവരാണ്. ബന്ധുക്കളായവർ മാറിനില്പുണ്ട്. അടുത്തു നില്ക്കുന്ന ശത്രുക്കൾ ലഹരി ചേർത്ത് വീഞ്ഞ് കുടിക്കുവാൻ കൊടുത്തത് തിരസ്ക രിച്ചവനാണ് ഇപ്പോൾ വീണ്ടും ദാഹജലം ചോദിക്കുന്നത്. പിതാവ് ഇവരോട് ക്ഷമി ക്കേണമേ എന്ന് ആവശ്യപ്പെട്ടപ്പോൾ തന്നെ യേശു അവരോട് ക്ഷമിച്ചിരുന്നു. അതു കൊണ്ടാണ് അവരെ മിത്രങ്ങളായി കണ്ട് ദാഹജലം ചോദിച്ചത്.

ദാഹിയ്ക്കുന്നു എന്ന് യേശു പറയുമ്പോൾ അത് ശാരീരിക ദാഹമല്ല എന്ന് പറയുന്നവരുമുണ്ട്. ആത്മീയ തകർച്ചയിൽ നശിക്കുന്നവരെ കാണുമ്പോഴാണ് അവന്റെ ദാഹം വർദ്ധിക്കുന്നത്. ദാഹിക്കുന്ന ഏവരുമേ എന്റെ അടുക്കൽ വരുവിൻ എന്നരുളിയവൻ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരു നാളും ദാഹി യ്ക്കുകയില്ല എന്ന് അരുളി ചെയ്തവന്റെ ദാഹം ജീവന്റെ ഉറവായ ക്രിസ്തുവിനെ മറക്കുന്നവരെ ഓർത്തുള്ളതാണ്. അവന്റെ ദാഹശമനത്തിനായി നമുക്ക് ആത്മാ ക്കളെ നേടുവാൻ കഴിയും. സഹോദരങ്ങളെ അതിനായി ഉണർന്നു പ്രവർത്തിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

## (6-ാം മൊഴി) Time of prefection ( പൂർണ്ണതയുടെ നിമിഷം)

**നിവൃത്തിയായി (യോഹ :19:30)**

പുത്രനായ തന്നെ തകർത്തുകളയുവാൻ മനസ്സുതോന്നിയ പിതാവാം ദൈവ ത്തോട് തന്നെ കൈവിട്ടതെന്ത് എന്ന് ചോദിച്ച യേശു ഇപ്പോൾ ശാന്തനായിട്ടാണ് സംസാരിക്കുന്നത്. ആ സംതൃപ്തിയുടെ കാരണം അനേകരുടെ പാപങ്ങൾ ചുമക്കു

വാനും അവരെ രക്ഷയിലേക്ക് നയിപ്പാനും പിതാവ് തന്നെ ഏല്പിച്ച ജോലി ഭംഗിയായി പൂർത്തീകരിച്ചതു മൂലമാണ്. അതിനാൽ നിവൃത്തിയായി എന്നതു വിജയത്തിന്റെ വചനമാണ് 3 കാര്യങ്ങളാണ് ഇവിടെ നിവൃത്തിയായത്

**(1) തന്റെ ദൗത്യം പൂർത്തിയായി**

പ്രതികൂലത്തിന്റെ വഴി അഥവാ കുരിശിന്റെ വഴി ആരംഭിച്ചത് "40" ദിവസം ഉപവാസം കഴിഞ്ഞപ്പോൾ മുതലാണ്. ഈ വഴിവിട്ട് എളുപ്പവഴിയിലെത്താനുള്ള മാർഗ്ഗം സാത്താൻ കാട്ടികൊടുത്തു. എന്നാൽ വചനത്തിലൂടെ യേശു അതിന് മറുപടി നൽകി. തന്റെ വഴിയിലൂടെ അവസാനം അടുക്കുന്തോറും പാനപാത്രത്തിന്റെ കൈപ്പും വ്യഥയും വർദ്ധിച്ചതായി യേശു മനസ്സിലാക്കി. പിതാവ് ഏല്പിച്ച ജോലിയുടെ പ്രതിപ്രവർത്തനം എന്ന നിലയിൽ ആ ജോലി ഏറ്റെടുക്കുന്ന വ്യക്തിയുടെ മേൽ വന്നു ഭവിക്കുന്നതാണ് കഷ്ടത. ആ കഷ്ടതയുടെ ദൗത്യം പൂർത്തീകരിച്ചതിനാലാണ് നിവൃത്തിയായി എന്ന് ഉച്ചരിച്ചത്.

**(2) തിരുവചനം നിവൃത്തിയായി**

മിശിഹായെപ്പറ്റി ദൈവവചനത്തിൽ പ്രവാചകന്മാർ മുഖേന അരുളി ചെയ്തതെല്ലാം സംഭവിച്ചുകഴിഞ്ഞു. ഈ മഹത്തായ വീണ്ടെടുപ്പിനെപ്പറ്റി ശിഷ്യന്മാർ പോലും മനസ്സിലാക്കിയത് ഉയർത്തെഴുന്നേറ്റ യേശു അവർക്ക് പ്രത്യക്ഷനായപ്പോഴാണ്. യേശു സ്ഥാപിക്കുന്ന രാജ്യത്തിന്റെ തുടക്കം ക്രൂശിന്റെ മാർഗ്ഗത്തിലൂടെ നേടിയെടുത്ത സന്തോഷത്തോടെ തന്നെയാണ് നിവൃത്തിയായി എന്ന് പറഞ്ഞത്.

**(3) പിതാവിന്റെ ഉദ്ദേശം നിവൃത്തിയായി**

അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതാണ് പുത്രന്റെ ആഹാരം യോഹ(17:4) ൽ "നീ എനിക്ക് ചെയ്യുവാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു" എന്ന് കാണുന്നു കാണാതെ പോയതിനെ തിരഞ്ഞ്, രക്ഷിപ്പാൻ വന്നവൻ കാൽവറി ക്രൂശിലെത്തിയത് ആ അന്വേഷണാന്ത്യത്തിലാണ്. അങ്ങനെ പിതാവിനോട് "സകലവും നിവൃത്തിയായി" എന്ന് പറയുവാൻ പുത്രന് കഴിഞ്ഞു.

## Commitment of the soul (ആത്മാവിന്റെ ഭാരമേൽപിക്കൽ)

7-ാം മൊഴി - ലൂക്കോ : (23:45,46)

"പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു."

ആദ്യത്തെമൊഴി പിതാവിനോടുള്ള പ്രാർത്ഥനയായിരുന്നു. അവസാനത്തെ മൊഴി തന്റെ ആത്മാവിനെ പിതാവിന്റെ കയ്യിൽ ഏല്പിക്കുക എന്ന കർത്തവ്യമായിരുന്നു. പിതാവുമായുള്ള ബന്ധം അവസാനം വരെയും നിലനിർത്തുവാൻ സാധി

ച്ചത് സാഹചര്യങ്ങൾ നന്നായിരുന്നതുകൊണ്ടല്ല, എന്നാൽ പ്രതികൂലങ്ങളിലും യേശുവിന് പിതാവിന്റെ കരങ്ങൾ കാണുവാൻ കഴിഞ്ഞതു കൊണ്ടാണ്.

സകലവും നിവൃത്തിയാക്കിയ പുത്രന് ഈ ലോകത്തോട് യാത്രപറയുവാനുള്ള സമയമായപ്പോൾ തന്റെ ആത്മാവിനെ പിതാവിന്റെ കൈയ്യിൽ ഭാരമേല്പിക്കകയാണ് ചെയ്തത്. തിരിച്ചു വാങ്ങിക്കത്തക്ക ഒരു കാര്യം പോലെയാണ് തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിലേഷ്പിച്ചത്. ഇതുപോലെ ഒരു മരണം നമുക്ക് ലഭ്യമാകണമെങ്കിൽ യേശു ചെയ്തതുപോലെ ജീവിച്ചിരിക്കുമ്പോൾ തന്നെ നമ്മുടെ ആത്മാവിനെ ദൈവത്തിന്റെ കരങ്ങളിൽ ഏല്പിക്കണം. നിത്യമായ സുരക്ഷിതത്വം ഉള്ള പിതാവിന്റെ കരങ്ങളിൽ നമുക്കും ആത്മാവിനെ ഏല്പിക്കുവാൻ കഴിയട്ടെ. നല്ല പോർപൊരുതു ഓട്ടം തികച്ച് നീതിയുടെ കിരീടം പ്രാപിഷാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind